# സാഗ
## 2024

ജെ. എം. എച്ച്. എസ്. എസ്.
വാകത്താനം

# എഡിറ്റോറിയൽ

മാനവരാശിയുടെ മഹത്തായ
ഈടുവയ്പ്പാണ് ഭാഷ. ഇന്നത്തേതും
പിന്നത്തേതും ഭാഷവേണം.
നമുക്കൊപ്പം ഭാഷയും വളർന്നു
കൊണ്ടിരിക്കുന്നു. ആധുനിക
സമൂഹത്തിൽ വിവരവിനിമയ
സാങ്കേതിക വിദ്യ അതിവേഗം
വളർന്നു കൊണ്ടിരിക്കുന്നു. ഈ
മാറ്റങ്ങളോടൊപ്പം മുന്നേറാൻ ലിറ്റിൽ
കൈറ്റ്സ് പഠനം നമ്മെ
സഹായിക്കുന്നുണ്ട്. അതിന്റെ
ഭാഗമായി നമ്മൾ തയ്യാറാക്കിയ ഈ
മാഗസിൻ നിങ്ങൾക്കുവേണ്ടി
സമർപ്പിക്കുന്നു.
സ്നേഹാശംസകളോടെ,

അഭിരാമി പ്രമേഷ്
(മാഗസിൻ എഡിറ്റർ)



# സന്ദേശം

വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ സമൂഹത്തിനും വ്യക്തിക്കും നന്മയ്ക്കായി ഉപയോഗിക്കാൻ കഴിയും വിധം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക എന്നതാണ് ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ലക്ഷ്യം. നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ സാഗ 2024 എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും നേതൃത്വം നൽകിയ അദ്ധ്യാപികമാർക്കും ഹൃദ്യമായ അഭിവാദ്യങ്ങൾ, ആശംസകൾ....



ഷീബ മാത്യു
ഹെഡ്മിസ്ട്രസ്

ജെ. എം. എച്ച്. എസ്
വാകത്താനം

# താളുകളിലൂടെ...


# വെള്ളരി പൂവുകൾ 1
# വീട്ടിലിരുന്ന് പത്ത്
ഓണപ്പഴഞ്ചൊല്ല് പഠിച്ചാലോ? 2
# ഒത്തുചേരലിൻെറ ഓണം 3
# ആരറിയുന്നുണ്ട് 4
# ജലം 5
#മാമ്പഴം 6
# മഴയത്ത്.. 7
# അസ്തമയത്തിലൂടെ.... 8
# കേരളം 9
# ജീവചരിത്രക്കുറിപ്പ് 10
# അവളുടെ മനസ് 11
# പുഴ 12
# പനിനീർപൂവ് 13
# മഴ 14
# കാട്ടുപൂവ് 15
# മഴയാകാൻ ഒരു കൊതി 16
# കടങ്കഥകൾ 17
# ഒരു കപ്പൽ യാത്ര 18
#ചിത്രശലഭം 19
# ചിത്രങ്ങളിലൂടെ.. 20

# വെള്ളരി പൂവുകൾ

പിച്ചവെച്ചിങ്ങനെ എത്തിയെൻ ജന്മനാൽ
കൊച്ചുവെള്ളരിപ്പൂക്കൾ വിരിക്കവേ
കൊന്നച്ചെണ്ടു വിരിയിച്ചു ചാർത്തിയാൽ
കിങ്ങിണി കെട്ടിമൊട്ട് വിരിയിക്കുന്നു

കൊന്നപുതു പല കുറിയേങ്ങിലും
ഇന്നു തന്നെ കണിവെക്കൻ പൂകുല
മുത്തു വിരിയുന്നു മോഹൻലോട്
ഇന്നു ഗാനങ്ങൾ മിട്ടുന്നു



നിഖിൽ എബ്രഹം

## വീട്ടിലിരുന്ന് പത്ത് ഓണപ്പഴഞ്ചൊല്ല് പഠിച്ചാലോ?

- അത്തം കറുത്താൽ ഓണം വെളുക്കും
- രണ്ടോണം കണ്ടോണം
  മൂന്നോണം മുക്കിമൂളി
  നാലോണം പിഞ്ചോണം
- ഓണത്തിന് ഉറുമ്പും കരുതും
- കാണം വിറ്റും ഓണം ഉണ്ണണം
- തിരുവോണത്തിന്
  ഇല്ലാത്തത് തീക്കട്ടക്കെന്തിന്?
- ഓണത്തേക്കാൾ വലിയ മകമുണ്ടോ?
- തിരുവോണം തിരുതകൃതി
- ഓണം കേരാമൂല
- ഉള്ളതുകൊണ്ട് ഓണം പോലെ
- ഉണ്ടെങ്കിൽ ഓണം പോലെ,
  അല്ലെങ്കിൽ ഏകാദശി

**അൽജിത്ത് ലൈജു**

സാഗ 2024

# ഒത്തുചേരലിൻെറ ഓണം

ഓണം ഒത്തു ചേരലിൻെറ വേളയാണ്. ഒപ്പം മലയാള സംസ്കൃതിയുടെ ഭാഗവും. എന്നാൽ ഇതൊക്കെ പോയ്മറഞ്ഞു. വിശാലമായ മുറ്റത്ത് ഓണപ്പാട്ടും, ഓണക്കളിയും, തുമ്പിതുള്ളലും, പുലികളിയും കുട്ടികളുടെ ആരവങ്ങളുമായി മുഖരിതമായ തറവാടുകൾ അണുകുടുംബങ്ങൾക്ക് വഴിമാറിയതോടെ ഇതൊക്കെ കേട്ടുകേൾവികൾ മാത്രമായി. മക്കളും ചെറുമക്കളും വിദേശങ്ങളിൽ ഓണാഘോഷങ്ങളിൽ അമരുമ്പോൾ നാട്ടിലുള്ള വൃദ്ധമാതാപിതാക്കൾ ചാനലുകൾ ഒരുക്കുന്ന ഓണവിഭവങ്ങളുമായി പോയകാലത്തിൻെറ ഓർമകൾ അയവിറക്കുന്നു.

ഒത്തു ചേരലുകൾ അപൂർവ്വമാവുന്നതോടെ ഓണത്തിൻെറ പൊലിമയും കുറയുകയാണ്. ഓണം ഇന്ന് ഭൂരിഭാഗം മലയാളികൾക്കും ഒരു ഓർമ മാത്രമാണ്. ടൺകണക്കിന് പച്ചക്കറികളും ഓണത്തിൻെറ പ്രധാന വിഭവമായ ഉപ്പേരിക്കുള്ള വാഴക്കുലവരെയും പുറത്തുനിന്നും എത്തുമ്പോൾ കാർഷിക വിളവെടുപ്പിൻെറ ഉത്സവം എന്ന പെരുമയ്ക്കും കോട്ടം തട്ടി. പുന്നെല്ലിൻെറ മണമുള്ള ചോറും മലയാളിക്ക് അന്യമായിത്തുടങ്ങി. ചിങ്ങക്കൊയ്ത്തും കേട്ടുകേൾവി മാത്രമായി.

ഇതാണോ ഒത്തുചേരലിൻെറ ഓണം? കുടുംബസമേതം എല്ലാവരും ഒത്തുകൂടി മുറ്റത്ത് പൂക്കളമിട്ടും, ഊഞ്ഞാലാടിയും, ഓണസദ്യ ഒരുക്കിയുമാണ് ഓണത്തെ വരവേൽക്കേണ്ടത്. ഓണസദ്യ പോലും വിപണിയിൽ ലഭ്യമാകുന്ന കാഴ്ചയാണ് ഇന്ന് കാണുവാൻ സാധിക്കുന്നത്. ഓണം നമ്മുടെ സംസ്കാരത്തിൻെറ ഭാഗമാണ് എന്ന കാര്യം കേരളജനതമറക്കുന്നു. വിവേകാശികളാവൂ, ഓണത്തേ വരവേൽക്കൂ...

ഓണപ്പൂവേ ഒത്തുചേരാൻ വാ
നീയും................

**അഭിഷേക് ടി. സന്തോഷ്**

# ആരറിയുന്നുണ്ട്

ആരറിയുന്നുണ്ട് ആരറിയുന്നുണ്ട് ഈ
ആത്മനിവേദനത്തിൻ ദാഹം ആദിവേദത്ത രൂപം...

അരുമയായ് ഞാൻ....നീ മാത്രം അനശ്വര
സത്യമെന്നറിയുന്നു ഞാൻ അനശ്വര

സത്യമെന്നറിയുന്നു ഞാൻ
എന്റെ ഗുരുവിൻ്റെ ആരും പറയാത്ത കാണാത്ത
കാഴ്ചകണ്ടു നിന്നുപോയി അറിവിന്റെ
ആദിമദ്ധ്യാന്തമായ് ആ കുളിർകാറ്റൊന്നു വീശി
നിന്റെയോമൽ മഹസ്സാം ആഴിയിലേക്കൊന്നു നോക്കി
നിന്നു പോയ് ഞാൻ.... നിഷ്ഠയായ നിന്നു പോയി..
അറിവിൻ്റെ പൊരുളെന്ന് അറിയുന്നു ഞാൻ...
ആദിമദ്ധ്യാന്ത കല്പം..... ആടിയുലയുന്നു...
കോടാനുകോടി ആനന്ദക്കാഴ്ചകൾ
കണ്ടു നിന്നു പോയീ കണ്ടു നിന്നു പോയി
(ആരറിയുന്നുണ്ട്........
എന്റെ ഗുരുവിൻ്റെ അനുകമ്പയെന്തെന്ന്
അനുഭവിച്ചറിയുന്നു ഞാൻ ആരുമറിയാത്ത അറിവെന്ന
ആനന്ദ- മുദ്രതൻ സീമയിൽ നിന്നു ഞാൻ...

വിഷ്ണുമോൻ പി. ബി.

# ജലം

കുടിയ്ക്കുവാൻ വേണം ജലം
കുളിയ്ക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമിന്നു
നാടാകെ രൂക്ഷം
ജനക്ഷേമ്മതിനാ-
ലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗമരുതതിനാൻ

ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതേ
ജലമമൂമാണ്
മലിനമാക്കരുത് മാനവാ....
അതു മലിനമാക്കരുത് മാനവാ.....
അതു മലിനമാക്കരുത് മാനവ..................

**ഫെലിക്സ് ചാക്കോ മന**

# മാമ്പഴം

അങ്കണത്തൈമാവിൽനി- ന്നാദ്യത്തെപ്പഴം വീഴ്ത്തു യമ്മതൻ നേത്രത്തിൽനി-
ന്നുതിർന്നു ചൂടുകണ്ണീർ
.
നാലുമാസത്തിൻ മുമ്പി.- ലേറെനാൾ കൊതിച്ചിട്ടി ബാലമാകന്ദം പൂവി- ട്ടുണ്ണികൾ
വിരിയവേ,
അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോ- ലമ്മലർച്ചെണ്ടൊന്നൊടി
ച്ചാഹ്ലാദിച്ചടുത്തെത്തി.

ചൊടിച്ചു മാതാവപ്പോൾ, "ഉണ്ണികൾ വിരിഞ്ഞ പൂ- വൊടിച്ചുകളഞ്ഞല്ലോ കുസൃതിക്കുരുന്നേ!'
നീ
മാങ്കനി, വീഴുന്നേര മോടിച്ചെന്നെടുക്കേണ്ടോൻ പൂങ്കുല തല്ലുന്നതു തല്ലുകൊള്ളാഞ്ഞിട്ടല്ലേ?"

പൈതലിൻ ഭാവം മാറി, വദനാംംബുജം വാടീ, കൈതവം കാണാക്കണ്ണു
കണ്ണുനീർത്തടാകമായ്.
"മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെ"ന്നവൻ

സമ്പാദകൻ:

ദേവനാരായണൻ എസ്.

# മഴയത്ത്

മണ്ണിൻെറ കൂടിൻമേലെപെയ്തു

മെഴുകിയ തിണയിൻ തുള്ളിനിന്നു

കഷ്ടമെൻെറ കൊച്ചുവീട്

എത്ര മഴത്തുള്ളി വീണപാട്

പാത്രങ്ങള് മഴമേളം താളമേളം

പാത്രങ്ങള് നിറയുംമ്പോൾ മാററിട്ടുന്നു

കേരവൃക്ഷങ്ങളും മാവും പ്ലാവും

കാറ്റേറ്റ് നൃത്തച്ചുവടിലായി

പുഴയും വഴിയും നിറയൊഴുകി

പൊങ്ങുന്നു മുങ്ങുന്നു ചപ്പിലകൾ

ക്രോം ക്രോം ചിലക്കുന്നു തവളകളും

കൊള്ളിയാൻ മാനത്ത് മിന്നിട്ടുന്നു

പെട്ടെന്ന് പാര് വിറച്ചപോലെ

കോട്ടൊരിടി ശബ്ദം എൻചെവിയിൽ

അമ്മേ വിളിച്ചു കരഞ്ഞുപോയി അമ്മതൻ മാറിലൊളിച്ചുപോയി !

ആൽബിൻ തോമസ്

# അസ്തമയത്തിലൂടെ....



റിഗേഷ് രമേശൻ

സാഗ 2024

# കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി മണ്ണിൻ മകുടമായി വിളങ്ങും ലാവണ്യവതി
മനശ്ശാന്തിതരും മമ ജന്മ നാടേ മനോഹരി...
കളകളമൊഴുകി സ്നിഗ്ദ്ധ മടിത്തട്ട് കാണുമാറഴകാർന്ന- രുവികളുമതിരിൽ മേഘ
മേലാപ്പ്- തൊട്ടുമുത്തുംഗ മേരുക്കളും
പച്ചപ്പട്ടുപാവാടയിൽ മിന്നും വെള്ളിനൂലിഴപോലസംഖ്യം ശീതളമാമലഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും ഉഷ്ണകാലത്തും നീല ജലാശയങ്ങൾ
ഇളം കാറ്റിൽ പാറുമംഗന തൻ ചേലപോലലംകൃതം ചേലൊത്ത നീലവർണ്ണമനോഹര
തിര ഞൊറിയും സാഗരം നീളെ...
മണ്ണിൻ മാദക ഗന്ധം നുകരും മക്കൾക്കാശ്രയമരുളും മമനാടേ മനോഹരീ .. മനസ്സിൽ
നിൻമുക്തസൗന്ദര്യം.. മുകരുന്നു ഞാൻ...

ലിബിൻ ബിനോയ്

# ജീവചരിത്രക്കുറിപ്പ്

## ജി. ശങ്കരക്കുറുപ്പ്



ജനനം 1901
മരണം 1987

എറണാകുളം ജില്ലയിലെ
കാലടിക്കടുത്ത് നായത്തോട്
ഗ്രാമത്തിൽ ജനിച്ചു
ജ്ഞാനപീഠപുരസ്കാരം നേടിയ ആദ്യ
സാഹിത്യകാരൻ.
പ്രകൃതിഗായകനെന്നും സിംബോളിക്
കവിയെന്നും ഉദ്ദേശത്തെ
നിരൂപകന്മാർ വിശേഷിപ്പിക്കുന്നു.
വിശ്വദർശനം, സാഹിത്യകൗതുകം
(4 ഭാഗങ്ങൾ) സൂര്യകാന്തി നവാതിഥി,
നിമിഷം മുത്തുകൾ, ഓടക്കുഴൽ,
വിശ്വദർശനം , ജീവനസംഗീതം
തുടങ്ങിയ കവിതാസമാഹാരങ്ങളും
സന്ധ്യ ഇരുട്ടിന് മുൻപ് എന്നീ
നാടകങ്ങളും രാജനന്ദിനി ഹരിശ്ചന്ദ്രൻ
എന്നീ കഥാ പുസ്തകങ്ങളും
ടിപ്പു.ഹൈദരാലി തുടങ്ങിയ
ജീവചരിത്രങ്ങളും രചിച്ചിട്ടുണ്ട്. ഇളം
ചുണ്ടുകൾ, ഓലപ്പീപ്പി, കാറ്റേവാ
കടലേവാ തുടങ്ങിയ ബാല കവിതാ
സമാഹാരങ്ങളും ജിയുടെ
സംഭാവനകളാണ്.
കാവ്യാത്മകമായ ഗദ്യലേഖനങ്ങളും
രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ
അക്കാദമി അവാർഡും
പത്മഭൂഷൺ ബഹുമതിയും
പാർലമെന്റിൽ അംഗമായിരുന്നു.

സാവിൻ എം. ഗിരീഷ്

# അവളുടെ മനസ്

അവളുടെ മനസ് ആരാണ് കണ്ടിട്ടുള്ളത്.. അതറിയാവുന്നത് അവൾക് മാത്രം..ഓര്മവച്ച കാലം മുതൽ അവ
അടുത്തറിയാവുന്ന അച്ഛനോ അമ്മക്കോ ഇതുവരെ അവളുടെ മനസ്സ് വായിക്കാൻ കഴിഞ്ഞിട്ടുണ്ടോ.. ഇല്ല എന
പറയുന്നതാവും ശരി.. അവർക്ക് അവളുടെ മനസിന്റെ ഒരംശം പോലും അറിയില്ല.. അവളുടെ കൊച്ചു കൊച്ചു
ഇഷ്ടങ്ങൾ,ആഗ്രഹങ്ങൾ, മോഹങ്ങൾ, സന്തോഷങ്ങൾ അങ്ങനെ ഒന്നും അവർക്കറിയില്ല...അവരെ
സന്തോഷിപ്പിക്കാൻ വേണ്ടി ചെയ്യുന്ന കാര്യങ്ങളൊക്കെയാണ് അവളുടെ ഇഷ്ടങ്ങൾ എന്നാവും അവർ കരുതുക
അവരുടെ മനസ്സിൽ അവൾ എങ്ങനെ ആവണമെന്നാണോ അവർ ആഗ്രഹിച്ചത് അതുപോലെ അവൻ അവൾ
ശ്രമിച്ചു കൊണ്ടിരുന്നു... ഇന്നുവരെ എന്താണ് മോൾക്കിഷ്ടം എന്ന് ചോദിച്ചിട്ടില്ല... പാവയ്ക്കാ പോലെ ചില
ഭക്ഷണസാധനങ്ങൾ അവൾക്കിഷ്ടമല്ല.. അവൾക്അ പാട്ടു കേൾക്കാൻ ഇഷ്ടമാണ്, അവൾ കുറച്ചൊന്നോതുങ്ങ
ജീവിക്കുന്നു.. അവൾക് മേക്കപ്പ് ഇഷ്ടമല്ല.. ആരോടും അധികം സംസാരിക്കാറില്ല പിന്നെ അച്ഛന്റേം അമ്മയുടെ
കുറെ ഇഷ്ടങ്ങൾ അവളുടെയും ഇഷ്ടങ്ങൾ ആണ് ഇങ്ങനെയൊക്കെയാവും അവരുടെ മനസിലെ അവൾ.. എന്ന
അവൾക് പറ്റൂ പഠിക്കാനിഷ്ടമായിരുന്നു, ഡാൻസ് പഠിക്കാൻ



ആൽവിൻ ടോം

# പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റുവാങ്ങീടണം

ചില നേരമാ ഗാഢ മൗനവും,
നീലിച്ച നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം.

അതുപോൽ നിരർത്ഥക-
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചുപോയ് മടുക്കാതിപ്പുഴ!

അച്ചു അന്ന ജോസഫ്



# പനിനീർപൂവ്

പനിനീർ ദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ടു വിടർന്ന കണ്ണുകളോടു ളാടു ചോദിച്ച ചോദിച്ചു
നീയെന്തേ നിറയാത്തു
നീയെന്തേ തുളമ്പാത്തു
എന്തേ പെയ്തൊഴിയാത്തു
ഒരു കടലുണ്ടല്ലോ കരഞ്ഞു തീർക്കാൻ പെയ്തൊഴിയൂ
മിഴികൾ മെല്ലെ മൊഴിഞ്ഞു നിനക്ക്
വിതുമ്പാതിരിക്കാനാവില്ല തേങ്ങി തേങ്ങി
തളരാതിരിക്കാനാവില്ല
മനസ് ശാന്തമാകട്ടെ
ഞാൻ പെയ്തുവെന്നാൽ
അലറി കരയാതിരിക്കാനാവില്ല
എനിക്കതു കാണാൻ വയ്യ
നിന്റെ പുഞ്ചിരിയിലാണെന്റെ ശാന്തത
മഞ്ജു.................

വൈഷ്ണവ് സനീഷ്



# മഴ

എഴുത്തുകാരി സ്വന്തം കുഞ്ഞിന് വിവരിച്ചു കൊടുക്കുകയാണ് പെരുമഴയിൽ... വെള്ളപ്പൊക്കവും അതുപോലുള്ള പ്രകൃതിദുരന്തങ്ങളും ഇനിയും സംഭവിക്കാം. ചില കുട്ടികൾക്ക് നേരിട്ട് അനുഭവിക്കേണ്ടിവരുന്നു. ചില കുട്ടികൾ ടെലിവിഷനിൽ കണ്ടറിയുന്നു. എങ്ങനെയാണ് കുട്ടികൾ ഇതെല്ലാം ഉൾക്കൊള്ളുന്നത്? ലളിതമായ വാക്കുകളുടെയും ചിത്രങ്ങളിലൂടെയും ഇക്കാര്യങ്ങൾ അവർക്കു മനസ്സിലാക്കിക്കൊടുക്കുന്ന പുസ്തകമാണ് ഇത് നമ്മൾ പ്രകൃതിയെ സംരക്ഷിച്ചാൽ പ്രകൃതി നമ്മളെയു സംരക്ഷിക്കും എന്ന് ഓർമ്മിപ്പിക്കുന്ന ഇത്തരം രചനക കുട്ടികൾക്ക് സാന്ത്വനവും ശക്തിയും പകരുന്നതാണ്.

ഗായത്രി ബാഷിക്ക് സ്വാന്തമായി ഒരു ചിത്രപുസ്തകശേഖരം ഉണ്ടായിരുന്നു. ആ പുസ്തകങ്ങൾ ഇപ്പോൾ അവരുടെ മിടുക്കനായ കൊച്ചുമകനുമായി പങ്കിടുകയാണ്. ഇരുവരും അവയിൽനിന്ന് ചെറുതും വലുതുമായ കാര്യങ്ങൽ ഗ്രഹിക്കുന്നു. ഒപ്പം അറിവുകളുടേയും പ്രചോദനങ്ങളുടേയും പുതിയ ലോകങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

കുട്ടികള്ക്കുവേണ്ടി വരയ്ക്കുന്ന ടി.ആർ. രാജേഷ് ചിത്രകാരനും അധ്യാപകനുമാണ്. കേരളത്തിലെ അടൂർ എന്ന കൊച്ചുപട്ടണത്തിൽ താമസിക്കുന്നു. തൂലികക്ക് ഇത് രാജേഷിന്റെ മൂന്നാമത്തെ പുസ്തകമാണ്.

ചി പി രാമചന്ദ്രൻ മലയാളത്തിലെ ശ്രദ്ധേയനായ കവി. അഞ്ചു കവിതാസമാഹാരങ്ങളും കുട്ടികൾക്കു വേണ്ടി രണ്ടു കഥാപുസ്തകങ്ങളും പ്രസിദ്ദീകരിച്ചു. കവിതയ്ക്ക് കേരള സാഹിത്യ അക്കാദമിയുടേയും കഥാപുസ്തകത്തിന സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



ഗോകുൽ ബാബു

# കാട്ടു പൂവ്

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം..
മഴവില്ലു പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും..

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്നു മാത്രം.
മഴവില്ലു പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും..

കൃഷ്ണ തുളസി കതിർത്തുമ്പു മോഹിക്കും
നിന്റെയീ വാർമുടി ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ..

മണമില്ല, മധുവില്ല , പൂജക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണ് ഞാൻ..
വിടരും മുൻപേ പൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണ് ഞാൻ

ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുൻപിൽ എത്തിടുമ്പോൾ..
നിന്റെ കൊലുസിന്റെ നാദങ്ങളിൽ ഞാൻ
താനേ മറന്നൊന്നു നിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു..

ഇഷ്ടമല്ലെന്നൊരു വാക്ക് നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകുമെൻ ജീവിതം..
ഇഷ്ടമല്ലെന്നൊരു വാക്ക് നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകുമെൻ ജീവിതം..

നീ നടക്കും വഴിയോരത്തു എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ...
നീ..നടക്കും വഴിയോരത്തു എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ..
നിന്റെ ഈ പുഞ്ചിരി മാത്രം മതി
എനിക്കിനിയുള്ള കാലം കാത്തിരിക്കാൻ..
നിന്റെ ഈ പുഞ്ചിരി മാത്രം മതി
എനിക്കിനിയുള്ള കാലം കാത്തിരിക്കാൻ..
ഇനിയുള്ള കാലം കാത്തിരിക്കാൻ..
ഇനിയുള്ള കാലം കാത്തിരിക്കാൻ..

ശുഭം

# മഴയാകാൻ ഒരു കൊതി

മഴയുടെ കുയിൽ നാദത്തിൽ ഇരമ്പൽ
എൻ കാതുകളിൽ മുഴങ്ങി
ഒരു സാഗരമെന്ന പോലെ

ആ സാഗരത്തിൽ നീരാടുവാൻ
എൻ മനം കൊതിച്ചുപോയി

ആ നീർ കണങ്ങളിൽ ലയിക്കുവാ-
നെന്ന പോലെ എൻ മനം
അതിൽ ആഴ്ന്നിറങ്ങി

നീ ആകാശവീഥിതൻ അശ്രുകണമോ
അതോ ഭൂമിയുടെ ആഹ്ലാദമോ

നിന്റെ കുളുർദ്ര സ്പർശം
എന്നെ പുണരുമ്പോൾ
ഞാനൊരു നനുത്തഹിമകണമാകുന്നു.

നിന്റെ അനുപമ സാന്നിധ്യം
എന്നെ കുളിരണിയിക്കുന്നു.

വൃക്ഷലതകളിലൂടെ നീ
എന്നിലേക്കൊഴുകുമ്പോൾ
ഒരു ഇണക്കിളിയായ് ഞാൻ മാറു


**വൈഷ്ണവ് മധു**

# കടങ്കഥകൾ

1) അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം - കട്ടുറുമ്പ്
2) അടിപാറ നടുവടിമീതെ - ചേന
3) അടുപ്പിൻ ഉള്ളേലമ്മായിയമ്മ - പൂച്ച
4) ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് - ചൂല്
5) ആയിരം കിളികൾക്ക് ഒറ്റ കൊക്ക് - വാഴക്കുല
6) ഇടവഴിയിലൂടൊരു കരിവടിയോടി - പാമ്പ്
7) ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട - കടുക്
8) ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ - കണ്ണ്
9) ഉണ്ണാത്തമ്മയ്ക്ക് ചട്ടിത്തൊപ്പി - കഞ്ഞിക്കുരു
10) എന്റെ അമ്മയ്ക്ക് തോളോളം വള - കമുക്
11) എന്റെ കുളത്തിലെ മീനിന് മുള്ളില്ല - നാക്ക്
12) ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കാർ - പാക്ക്
13) ഒരമ്മ ഒന്നേ പ്രസവിക്കൂ - വാഴ
14) കണ്ണുണ്ട് കാണില്ല - കുന്നിക്കുരു
15) കണ്ടാലൊരു വണ്ടി,
തൊട്ടാലൊരു ചക്രം - തേരട്ട
16) ചുവന്ന മകൻ കറുത്തു വരുമ്പോൾ,
വെള്ളത്തിൽ മുക്കി ഒരടി - സ്വർണം
17) ചത്തു കിടന്ന പാമ്പ്,
വടിയെടുത്താലോടും -വെള്ളം
18) ഞെട്ടില്ല വട്ടയില - പപ്പടം
19) ഞാനോടിയാൽ എന്റെ കൂടെയോടും,
ഞാൻ നിന്നാൽ എന്റെ ഒപ്പം നിക്കും - ചന്ദ്രൻ
20) ഞാനൊന്നു നോക്കിയാലെന്നെ നോക്കും,
ഞാനൊന്നു ചിരിച്ചാലെന്നെ നോക്കി ചിരിക്കും -കണ്ണാടി

ആദിത്യദേവ് എം.എസ്

# ഒരു കപ്പൽ യാത്ര...



റിച്ചാർഡ് റോബി

സാഗ 2024

# ചിത്രശലഭം

ചിത്രശലഭമേ ചിത്രശലഭമേ, പറയൂ
നീ എന്തിനെന്റെ പൂന്തോട്ടത്തിൽ വന്നു
എന്റെ ഹൃദയത്തെ കവർന്നവളെ
നീ എന്തിനെന്റെ പൂന്തോട്ടത്തിൽ വന്നു
പൂക്കളാകും എൻ ഹൃദയത്തിൻ
തേൻ നുകരുവാനോ
നിൻ വർണശോഭയിൽ എൻ ഹൃദയം
സന്തോഷിക്കുന്നു, കൊതിക്കുന്നു നിന്നെ
ഒന്നു കൈക്കുമ്പിളിലിരുത്താൻ തലോടാൻ
എൻ പ്രിയ സഖീ, മനോഹരി
നീ എന്നിലേക്കു വരൂ.....

**സൂരജ് എ. എസ്.**

# ചിത്രങ്ങളിലൂടെ.......


MOUNT
HIGHER SECONDARY
SCHOOL
DIAMOND JUBILEE
CELEBRATIONS
സാഗ 2024




സാഗ 2024

”സാഗ 2024” എന്ന ഡിജിറ്റൽ
മാഗസിൻ തയ്യാറാക്കാൻ
ഞങ്ങളോടൊപ്പം സഹകരിച്ച
എല്ലാവർക്കും.....
സഹായിച്ച എല്ലാവർക്കും......
ഹൃദയത്തിൻെറ ഭാഷയിൽ

# നന്ദി.......